**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 688** **30-01-2024 - ൽ മറുപടിയ്ക്ക്**

**തോട്ടം മേഖലയിലെ സംരംഭകർക്കും തൊഴിലാളികൾക്കുമുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ തോട്ടം മേഖലയിലെ സംരംഭകർക്ക് ആനുകൂല്യങ്ങൾ നല്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | തോട്ടം മേഖലയിലെ സംരംഭകർക്ക് നിലവിൽ പ്ലാന്റേഷൻ ഡയറക്ടറേറ്റ് മുഖേന ആനുകൂല്യങ്ങൾ നൽകി വരുന്നില്ല. പ്ലാന്റേഷൻ മേഖലയുടെ വൈവിധ്യവത്കരണത്തെ കുറിച്ചും മൂല്യ വർദ്ധനവിനെ കുറിച്ചും പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ വർഷം മേയിൽ ലഭ്യമാകുന്ന ഈ റിപ്പോർട്ട് ആധാരമാക്കി ആയിരിക്കും തോട്ടം മേഖലയ്ക്ക് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നത്. തോട്ടങ്ങളിൽ നടത്തുന്ന നിക്ഷേപത്തിന് സഹായം, വിളകൾക്കുള്ള ഇൻഷുറൻസ്, തോട്ടം വിളകളുടെ വിപണനത്തിനുള്ള പദ്ധതി എന്നിവ ആവിഷ്കരിക്കുന്നതിന്റെ പ്രാരംഭ ഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഈ മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിന് വേണ്ട പുതിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ബി) | തോട്ടം തൊഴിലാളികളുടെ ക്ഷേമം നിലവിൽ തൊഴിൽ വകുപ്പിന്റെ അധികാര പരിധിയിൽ വരുന്ന വിഷയമാണ്. തൊഴിൽ വകുപ്പ് ലഭ്യമാക്കിയ വിവരമനുസരിച്ച്, സംസ്ഥാനത്തെ തോട്ടം മേഖലയിൽ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, വിദ്യാഭ്യാസ ധനസഹായം, ചികിത്സാ ധനസഹായം, ഭാഗികം/ പൂർണമായി അംഗവൈകല്യം സംഭവിച്ച തൊഴിലാളികൾക്ക് ധനസഹായം എന്നിവ നൽകി വരുന്നുണ്ട്. കൂടാതെ, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് മരണാനന്തര ധനസഹായമായി 1 ലക്ഷം രൂപ ഡിസ്ട്രസ് റിലീഫ് ഫണ്ട് മുഖേന ധനസഹായമായി നൽകി വരുന്നു.<br><br>തോട്ടം തൊഴിലാളികളുടെ ലയങ്ങൾ പുനരുദ്ധാരണം നടത്തുന്ന തോട്ടം ഉടമകൾക്ക് പ്ലാന്റേഷൻ |

| | | | |
|---|---|---|---|
| | | | ഡയറക്ടറേറ്റ് മുഖേന സഹായം നൽകുന്നതിനുള്ള പദ്ധതികളെ സംബന്ധിച്ച് പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ